"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് കോർപ്പറേഷൻ - കേന്ദ്രീകൃത വേസ്റ്റ്-ടു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്ത കോഴിക്കോട് ഞെളിയൻപറമ്പിലെ ലെഗസി വേസ്റ്റ് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി ശുചിത്വ മിഷന്റെ പ്ലാൻ സ്കീമായ ശുചിത്വ കേരളം (അർബൻ) വിഹിതത്തിൽ നിന്നും 1,00,00,000/- രൂപ (ഒരു കോടി രൂപ) കോഴിക്കോട് കോർപ്പറേഷന് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

**സ.ഉ.(സാധാ) നം.755/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 13/04/2020

---

പരാമർശം:- 1 11/06/2018-ലെ ജി.ഒ.(എം.എസ്.) നം.82/2018/ത.സ്വ.ഭ.വ.

2 11/05/2019-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മാലിന്യ സംസ്കരണം സംബന്ധിച്ച സംസ്ഥാനതല ഉപദേശക സമിതിയുടെ തീരുമാനം.

3 കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയുടെ 23/12/2019-ലെ എഫ്.6/61063/18 നമ്പർ കത്ത്.

4 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 13/03/2020-ലെ 174/സി2/2008/എസ്.എം. നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് കോർപ്പറേഷനിൽ കേന്ദ്രീകൃത വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനായി പരാമർശം(1) പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള ഞെളിയംപറമ്പിലെ ലെഗസി വേസ്റ്റ് നീക്കം ചെയ്ത് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി ചെലവാകുന്ന തുക കോഴിക്കോട് കോർപറേഷൻ തനതു ഫണ്ടിൽ നിന്നും കണ്ടെത്തണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പും ശുചിത്വ മിഷനും ഇതിനാവശ്യമായ തുകയുടെ ഒരു ഭാഗം വഹിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്നും 15.11.2019-ന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന മാലിന്യ സംസ്കരണം സംബന്ധിച്ച സംസ്ഥാനതല ഉപദേശക സമിതി പരാമർശം(2) പ്രകാരം തീരുമാനിച്ചിരുന്നു. ഞെളിയംപറമ്പിലെ ലെഗസി വെസ്റ്റ് നീക്കം ചെയ്യുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ (KSIDC) മുഖേന ടെണ്ടർ ക്ഷണിക്കുകയും M/s. Zonta Infratech Pvt. Ltd. എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്ത് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

2. ഞെളിയംപറമ്പിലെ ലെഗസി വേസ്റ്റ് നീക്കം ചെയ്ത് ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ആകെ ചെലവാകുന്ന തുക 8,62,40,000/- രൂപയാണെന്നും അതിന്റെ പകുതി തുക അതായത് 4,31,20,000/- രൂപ സർക്കാരിന്റെയോ ശുചിത്വ മിഷന്റെയോ വിഹിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിനായി 1,00,00,000/- രൂപ 2019-20 സാമ്പത്തിക വർഷത്തെ ശുചിത്വ മിഷന്റെ പ്ലാൻ സ്കീമായ ശുചിത്വ കേരളം (അർബൻ) വിഹിതത്തിൽ നിന്നും അനുവദിക്കാവുന്നതാണെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 15.11.2019-ന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന മാലിന്യ സംസ്കരണം സംബന്ധിച്ച സംസ്ഥാനതല ഉപദേശക സമിതിയുടെ പരാമർശം(2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, കോഴിക്കോട് കോർപ്പറേഷനിൽ കേന്ദ്രീകൃത വേസ്റ്റ്-റ്റു-

എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനായി പരാമർശം (1) പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള ഞെളിയംപറമ്പിലെ ലെഗസി വേസ്റ്റ് നീക്കം ചെയ്ത് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി ശുചിത്വ മിഷന്റെ പ്ലാൻ സ്കീമായ ശുചിത്വ കേരളം (അർബൻ) 2019-20-ലെ വിഹിതത്തിൽ നിന്നും 1,00,00,000/- രൂപ (ഒരു കോടി രൂപ) കോഴിക്കോട് കോർപ്പറേഷന് അനുവദിക്കുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു. 2020-21 സാമ്പത്തിക വർഷത്തെ ശുചിത്വ കേരളം (അർബൻ) വിഹിതത്തിൽ നിന്നും പ്രസ്തുത ആവശ്യത്തിനായി അനുവദിക്കാൻ കഴിയുന്ന തുക സംബന്ധിച്ച റിപ്പോർട്ട് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ആർ .എസ് .കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ്
ബഹു.മേയർ, കോഴിക്കോട് കോർപ്പറേഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കോഴിക്കോട്

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, ഐ&പി.ആർ.ഡി. (വെബ്&ന്യൂ മീഡിയ), തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.05.12 15:29:13 IST
Reason: Approved

സെക്ഷൻ ഓഫീസർ